# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വാകത്താനം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ കെടിഎം/P10/1943/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 23/12/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാകത്താനം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ കെടിഎം/P10/1943/2023 തീയ്യതി: 23/12/2023

# കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 31-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 15-11-2023 | 22-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-11-2023 | 22-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ഇന്ദുലേഖ എ, ഓഡിറ്റ് ഓഫീസർ

സുധ ജേക്കബ്, ഓഡിറ്റ് ഓഫീസർ

സുമേഷ് പി.വി, അസി.ഓഡിറ്റ് ഓഫീസർ

ബീനാകുമാരി റ്റി.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റോസമ്മ മത്തായി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| അനിൽകുമാർ ഡി. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷൈല ഇ | വി.ഇ.ഓ.തോട്ടയ്ക്കാട് | 01-04-2022 | 31-03-2023 |
| ശരണ്യ ദേവ് എസ്. | വി.ഇ.ഒ., വാകത്താനം | 01-04-2022 | 22-11-2022 |
| മിനി റ്റി. | വി.ഇ.ഒ., വാകത്താനം | 23-11-2022 | 07-12-2022 |
| ഷൈല ഇ. | വി.ഇ.ഓ.വാകത്താനം | 08-12-2022 | 13-02-2023 |
| ശ്രീകാന്ത് എം. | വി.ഇ.ഓ.വാകത്താനം | 14-02-2023 | 31-03-2023 |
| ദിവ്യ ആൻഡ്രൂസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| പ്രീതി രാജ് | ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.ബി.എസ്. | 01-04-2022 | 31-03-2023 |
| ഡോ.നിത എം.എസ്. | മെഡിക്കൽ ഓഫീസർ, അയുർവേദം | 01-04-2022 | 31-03-2023 |
| ഡോ.മായ ജയിംസ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| പ്രസന്നകുമാരി റ്റി.എസ്. | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| മുഹമ്മദ് അൻസിം. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഗേളി മേരി ജോർജ്ജ് | അസി.എഞ്ചിയനീയർ | 01-04-2022 | 25-09-2022 |
| ആശാ രാജ് ആർ | അസി.എഞ്ചിയനീയർ | 26-09-2022 | 01-12-2022 |
| പ്രതിഭ റോസ് ജി | അസി.സെക്രട്ടറി (ഇൻചാർജ്ജ്) | 02-12-2022 | 31-03-2023 |
| ഡോ.പ്രീത എൻ. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ.സിജി വർഗീസ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 01-04-2022 | 31-03-2023 |
| പ്രീതി സി. | അസി.ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ജയലക്ഷ്മി എൻ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല | 1-1-3 |
| 5 | തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം-കൃത്യമായ ഡേറ്റ ലഭ്യമായില്ല | 1-1-4 |
| 6 | Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല | 1-1-5 |
| 7 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-6 |
| 8 | Prior Period Expenses ന്റ ആധികാരികത വ്യക്തമാക്കിയിട്ടില്ല | 1-1-7 |
| 9 | എൻ ആർ ഇ ജി എ വരവ്- ചെലവ് കണക്കുകൾ | 1-1-8 |
| 10 | ബജറ്റ്-വിശകലനം | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഗ്രാന്റ് വിനിയോഗം | 1-4 |
| 13 | വാർഷിക പദ്ധതി അവലോകനം | 1-5 |
| 14 | ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 16 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 17 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 19 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-11 |
| 20 | വാടക ഈടാക്കാൻ അവശേഷിയ്ക്കുന്നു | 1-12 |
| 21 | അധികവിഭവ സമാഹരണം | 1-13 |
| 22 | 1.05 കോടി രൂപയുടെ നിക്ഷേപ പ്രവൃത്തികൾ -ഉടർനടപടി സ്വീകരിച്ചിട്ടില്ല | 1-14 |
| 23 | ടാക്സി സ്റ്റാന്റിന് സ്ഥലം ഏറ്റെടുക്കൽ–പഞ്ചായത്തിന് വൻ സാമ്പത്തിക ബാദ്ധ്യതയും അനിശ്ചിതാവസ്ഥയും | 1-15 |
| 24 | കോടതി വ്യവഹാരങ്ങളുടെ ഉടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല സ്യൂട്ട് രജിസ്റ്റർ–കാലികമായും കൃത്യമായും എഴുതി സൂക്ഷിച്ചിട്ടില്ല | 1-16 |
| 25 | വിവിധ കമ്മറ്റി തീരുമാനങ്ങൾ -ഉടർ നടപടി സ്വീകരിക്കണം | 1-17 |
| 26 | മാലിന്യ സംസ്കരണം ഉടർ നടപടികൾ സ്വീകരിയക്കുന്നതിൽ കാലതാമസം | 1-18 |
| 27 | ടേക്ക് എ ബ്രേക്ക് - വഴിയോരവിശ്രമകേന്ദ്രം - പണി പൂർത്തീകരിച്ച് ഉപയോഗപ്രദമാക്കിയിട്ടില്ല. | 1-19 |
| 28 | കോക്ലിയാർ ഇംപ്ളാന്റേഷൻ - വിനിയോഗവിവരം ലഭ്യമായില്ല. | 1-20 |
| 29 | കാർഷികവിപണി ശക്തിപ്പെടുത്തൽ - രേഖകൾ ലഭ്യമായില്ല. | 1-21 |
| 30 | ചെലവ് രേഖകൾ പൂർണമല്ല-ഉക തടസ്സപ്പെടുത്തുന്നു | 1-22 |
| 31 | ലൈഫ് ഭവനപദ്ധതി -ഭവനനിർമ്മാണം പൂർത്തീകരിയ്ക്കാത്തത് സംബന്ധിച്ച് | 1-23 |
| 32 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ–നാളിതുവരെ പദ്ധതി നിർവ്വഹിച്ചിട്ടില്ല | 1-24 |
| 33 | പ്രോജക്ട് പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടത്- | 1-25 |
| 34 | വിനിയോഗവിവരം ലഭ്യമാക്കാത്തത്- | 1-26 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |

| ഭാഗം 4 | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടിനായി ലഭിച്ച തുകകളുടെ വിവരം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ | 4-4 |
| 5 | വായ്പാ വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

വാകത്താനം ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 07.07.2023തീയതിയിലെ 1(1) തീരുമാനം പ്രകാരം അംഗീകരിച്ച് 11.07.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വാകത്താനം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

### 1-1-1 ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ സൂക്ഷിച്ചിട്ടില്ല.

### 1-1-2 ക്യാപിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

### 1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല.

### 1-1-4 തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം-കൃത്യമായ ഡേറ്റ ലഭ്യമായില്ല

2022-23 വർഷം ആസ്തികൾ സൃഷ്ടിക്കുന്ന പ്രോജക്ട് ചെലവ് എല്ലാം സുസ്ഥിര ആസ്തി ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടോ എന്ന് വ്യക്തമാക്കുന്ന ആധികാരികമായ ഓരോ ഫണ്ടുകളുടെയും /ഗ്രാന്റുകളുടെയും ക്യാപ്പിറ്റൽ-റവന്യൂ വേർതിരിച്ച് ചെലവ് വിവരം സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങളുടെ അഭാവത്തിൽ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ മൂല്യം 31/03/2023 ബാലൻസ് ഉൾപ്പെട്ടോ എന്നതിന് വ്യക്തതയില്ല.

### 1-1-5 Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല

Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെടുന്നതും ക്രമീകരിക്കപ്പെടുന്നതുമായ പാർട്ട് ബില്ലുകളുടെ വിശദാംശവും ആധികാരികതയും ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. തൻവർഷ പാർട്ട് ബില്ലുകൾ എല്ലാം Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെട്ടോ എന്നും ഫൈനൽ ബിൽ നൽകുമ്പോൾ മുൻപ് നൽകിയ പാർട്ട് ബില്ലുകൾ ക്രമീകരിക്കപ്പെട്ടോ എന്നും വ്യക്തതയില്ല.

### 1-1-6 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. Government/Other ഡ്യൂസ് രജിസ്റ്റർ രജിസ്റ്റർ സൂക്ഷിച്ച് വിവിധ ഏജൻസികളിലേക്കുള്ള തുക ഒടുക്കലുകൾ കൃത്യമായി നിരീക്ഷിക്കേണ്ടതാണ്.

### 1-1-7 Prior Period Expenses ന്റ ആധികാരികത വ്യക്തമാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ പത്രിക I-18 ഷെഡ്യൂൾ പ്രകാരം Prior Period Expenditure ആയി ക്രമീകരിച്ച ഇനങ്ങളുടെ ആധികാരികത Notes On Account മുഖേന സെക്രട്ടറി ലഭ്യമാക്കിയിട്ടില്ല.

### 1-1-8 എൻ ആർ ഇ ജി എ വരവു- ചെലവു കണക്കുകൾ

എൻ ആർ ഇ ജി എ വരവു ചെലവു കണക്കുകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-2 ബജറ്റ്-വിശകലനം

2022-23 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 25.03.2022ലെ 1/1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 14.03.2023 -ലെ 1/1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റിൽ മുൻപ് അംഗീകരിച്ച ബജറ്റിൽ നിന്നും വരവ്-

ചെലവ് കണക്കുകളിൽ വ്യത്യാസമുണ്ട്.

| ഇനം | ബജറ്റ് | |
|---|---|---|
| | ആദ്യത്തേത് | പുതുക്കിയത് |
| മുന്നിരിപ്പ് | 8377555 | 8377555 |
| വരവ് | 176593000 | 292554917 |
| ആകെ | 184970555 | 300932472 |
| ചെലവ് | 141635000 | 293873702 |
| നീക്കിയിരിപ്പ് | 43335555 | 7058770 |

ബജറ്റ് പ്രകാരം29.25കോടി രൂപ വരവും 29.38 കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2022-23 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 16.32 കോടി രൂപയും ചെലവ്15.62കോടി രൂപയുമാണുള്ളത്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത ചെലവുകൾ മേഖലാടിസ്ഥാനത്തിൽ നിശ്ചയിക്കുന്നത് മാത്രമാണ് ചെയ്യുന്നത്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ബജറ്റ് ശുപാർശകൾ പരിഗണിച്ച് മേഖലാടിസ്ഥാനത്തിലുള്ള വിഹിതം വിഭജിച്ച് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കൃത്യമായ വിഹിതം ക്യാപ്പിറ്റൽ-റവന്യൂ തിരിച്ച് നിശ്ചയിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ റസീറ്റ് & പേമെന്റ് ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

**റസീറ്റ് & പേമെന്റ് പത്രിക 2022-23**

| | |
|---|---|
| മുന്നിരിപ്പ് (01/04/2022) | 16830333.00 |
| ഓഡിറ്റ് വർഷത്തെ വരവ്(Receipt) | 58798599 |
| ആകെ | 75628932 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment) | 48592011 |
| നീക്കിയിരിപ്പ് (31/03/2023) | 27036921 |

**ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2022-23**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം(Income) | 16,32,02,576 |
| ഓഡിറ്റ് വർഷത്തെ ചെലവ് (Expenditure) | 15,62,21,110 |
| പ്രവർത്തന മിച്ചം (Gross Surplus) | 6981466 |
| ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | -2219059 |
| അറ്റ പ്രവർത്തനമിച്ചം (Net Surplus) | 4762407 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർച്ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2917457 |

## 1-4 ഗ്രാന്റ് വിനിയോഗം

വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2022-23വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പ്രത്യേക ഉദ്ദേശ്യ

ഗ്രാന്റുകളുടെ വിനിയോഗം എ.സി.ആർ. പ്രകാരമുള്ളതും പട്ടികയിൽ ഉൾപ്പെടുത്തുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | *31060260 | 31060260 | 28181580 | 2878680 | 91 |
| വികസന ഫണ്ട്-SCP | 0 | **4566000 | 4566000 | 4148285 | 417715 | 91 |
| വികസന ഫണ്ട്-TSP | 0 | *** 277000 | 277000 | 250817 | 26183 | 91 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 36597 | 3860815 | **@4100587** | 3300742 | 799845 | 81 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 3360194 | 8516419 | #11876613 | 4153936 | 7722677 | 34 |
| മെയിന്റനൻസ് ഗ്രാന്റ്- Road | 0 | 7812000 | 7812000 | 4988896 | 2823104 | 64 |
| മെയിന്റനൻസ് ഗ്രാന്റ്- Non Road | 0 | 6924000 | 6924000 | 3950921 | 2973079 | 58 |
| National Health Mission(NHM) ഫണ്ട് Diagnostic Purposes& Infrastructure Development | 0 | 237901 | 237901 | 224749 | 13152 | --- |
| ആരോഗ്യ ഗ്രാന്റ്(പി.എച്ച്.സി കളുടെ നവീകരണത്തിനുള്ള തുക) | 0 | 136927 | 136927 | 135000 | 1927 | -- |
| ഐ.സി.ഡി.എസ് | 1321343 | 1549200 | 2870543 | 1197937 | &1672606 | ---- |
| ശുചിത്വമിഷൻ | 286280 | 3600000 | 646280 | 560000 | $86280 | ടെ |

* പ്രോജക്ട് നമ്പർ280/23, 284/23292/23 എന്നിവ പ്രകാരം അംഗൻ വാടി അധിക വേതനം ഇനത്തിൽ 1489200/-രൂപയും, പ്രോജക്ട് നമ്പർ 279/23, 293/23 എന്നിവ പ്രകാരം ലൈഫ് ഭവന പദ്ധതി ഇനത്തിൽ 2544381/- രൂപയും ജി.ഒ പ്രോജക്ട് ആയി വികസന ഫണ്ട്-ജനറലിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്.

**പ്രോജക്ട് നമ്പർ 281/23, 297/23എന്നിവ പ്രകാരം ലൈഫ് ഭവന പദ്ധതി ഇനത്തിൽ 738291/-രൂപ ജി.ഒ പ്രോജക്ട് ആയി വികസന ഫണ്ട്-എസ്.സി.പിയിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്.

***പ്രോജക്ട് നമ്പർ 296/23,283/23എന്നിവ പ്രകാരം ലൈഫ് ഭവന പദ്ധതി ഇനത്തിൽ 27899/- രൂപ ജി.ഒ പ്രോജക്ട് ആയി വികസന ഫണ്ട്-റ്റി .എസ് .പി പിയിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്.

@ ധനകാര്യകമ്മീഷൻഗ്രാന്റ്-Untied-മുന്നിരിപ്പ് 36597, പലിശ (203175) ട്രഷറി വരവ് (114815),ബാങ്കിലെ വരവ് (1873000+ 1873000) എന്നിവ ഉൾപ്പെടെ ആണ്. ട്രഷറി വരവ് 114933രൂപ ലാപ്സായി. 6,84,912രൂപ

ബാങ്കിൽ അവശേഷിയ്ക്കുന്നു.

#ധനകാര്യകമ്മീഷൻഗ്രാന്റ്-Tied-മുന്നിരിപ്പ് (3360194), ബാങ്കിലെ വരവ് (2810000+ 2810000) ട്രഷറി വരവ് (2896416) എന്നിവഉൾപ്പെടെആണ്. ട്രഷറി വരവ് 2589604രൂപ ലാപ്സായി. 5133093രൂപ ബാങ്കിൽ ശേഷിയ്ക്കുന്നു

&-ഐ.സി.ഡി.എസ് നീക്കിയിരുപ്പ് ബി-4 പട്ടികയിലെ തുകയുമായി വ്യത്യാസപ്പെട്ടിരിയ്ക്കുന്നു.

$- ശുചിത്വമിഷൻ നീക്കിയിരുപ്പ് ബി-4 പട്ടികയിലെ തുക 90940 യാണ്.4660 സ്മാർട്ട് ഗാർബേജിനായി ചെലവായതിന്റെ ബാലൻസ് ഉൾപ്പെടെ യാണ്.

ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അക്കൗണ്ടിങ്ങ് അപാകതകളും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകുന്നത്.

## 1-5 വാർഷിക പദ്ധതി അവലോകനം

വാകത്താനം ഗ്രാമപഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) ഒന്നാം വാർഷിക പദ്ധതിയ്ക്ക് (2022-23) ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം. 82898/22/DPC/DPO/KTM തീയതി 22.03.2023 പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തനഘട്ടം | തീയതി |
|---|---|
| ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ച് അംഗീകരിച്ചു | 5.05.2022 |
| ആസൂത്രണസമിതിയോഗം | 24.07.2022 |
| വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി | 31.05.2022 |
| പദ്ധതി രൂപീകരണഗ്രാമസഭകൾ | 6.04.2022 |
| ഊരുകൂട്ടയോഗം | 7.12.2022 |
| വികസനസെമിനാർ | 13.05.2022 |
| വികലാംഗഗ്രാമസഭ | 10.06.2022 |
| ഭരണസമിതി വാർഷികപദ്ധതി അംഗീകരിച്ചു | 11.07.2022 1(1) |

2022-23 വർഷംവിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്കുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| നിർവ്വഹണഉദ്യോഗസ്ഥൻ | നിർവ്വഹണത്തിന് ഏറ്റെടുത്ത പ്രോജക്കുകൾ | നടപ്പിലാക്കിയ പ്രോജക്കുകൾ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 17 | 16 | 6434266 | 4665179 | 73 |
| വെറ്ററിനറി സർജൻ | 6 | 6 | 2492000 | 2092000 | 83 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 14 | 13 | 2215333 | 1815866 | 82 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 135000 | 135000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 635000 | 635000 | 100 |
| വി.ഇ.ഒ I | 10 | 10 | 82567000 | 13080800 | 16 |
| വി.ഇ.ഒ II | 12 | 9 | 7909320 | 3344007 | 42 |
| ഐ.സി.ഡി.എസ് -സൂപ്പർവൈസർ | 11 | 10 | 7728774 | 7143522 | 92 |
| സെക്രട്ടറി | 50 | 22 | 19860264 | 10281525 | 51 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 101 | 73 | 26519668 | 15559324 | 59 |
| ഹെഡ്മാസ്റ്റർ | 3 | 3 | 1380000 | 1303645 | 94 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 2300000 | 1450000 | 63 |
| അസിസ്റ്റന്റ് സെക്രട്ടറി | 15 | 13 | 2195270 | 2066056 | 94 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 486000 | 92620 | 20 |
| ആകെ | **247** | **183** | **162857895** | **63664544** | **40** |

വിവിധ പ്രോജക്ടുകൾ നടപ്പിലാക്കിയത് 13 നിർവ്വഹണോദ്യോഗസ്ഥരാണ്. 162857895/-രൂപ അടങ്കൽ നിശ്ചയിച്ച വാർഷിക പദ്ധതിയിലുൾപ്പെടുത്തി തൻവർഷം 63664544/-രൂപയാണ് ചെലവഴിക്കാനായത്. അസി.എഞ്ചിനീയറെ നിർവ്വഹണത്തിന് ഏൽപ്പിച്ചിരുന്ന 101 പ്രോജക്ടുകളിൽ 73 എണ്ണം പൂർത്തിയാക്കി ബില്ല് മാറിയിട്ടുണ്ട്. അസി.എഞ്ചിനീയർക്ക് 1.55 കോടി രൂപ മാത്രമാണ് ചെലവഴിക്കാനായത്. അനുവദിച്ച റോഡ് ഫണ്ടിൽ 28.23 ലക്ഷം ലാപ്സായി. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തിയാക്കുന്നുണ്ടെന്ന് അതാതുവർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തേണ്ടതാണ്.

**മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല**

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ട സംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

പദ്ധതി നിർവ്വഹണം- പഞ്ചായത്തിന്റെ പൊതുസമീപനം

ജനകീയാസൂത്രണ പ്രസ്ഥാനത്തിന് 25 വർഷം പൂർത്തിയാകുന്ന ഘട്ടത്തിൽ 2022-23 വർഷം 14-ാം പഞ്ചവത്സര പദ്ധതിക്ക് തുടക്കം കുറിക്കുന്നു. പുതിയ കാലത്തിന്റെ വികസന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനും വെല്ലുവിളികൾ കാര്യക്ഷമമായി ഏറ്റെടുക്കാനും വിവിധ മേഖലകളിലെ വിദഗ്ധരുടെയും സന്നദ്ധ പ്രവർത്തകരുടെയും സേവനവും പങ്കാളിത്തവും ഉറപ്പ് വരുത്തുന്നതിനും ഗ്രാമപഞ്ചായത്ത് പ്രതിജ്ഞാബദ്ധമായിരുന്നു. സ്ഥിര പ്രാദേശിക സാമ്പത്തിക വളർച്ചയുടെ പ്രഭവ കേന്ദ്രമായി ഗ്രാമപഞ്ചായത്തിനെ മാറ്റിയെടുക്കുക എന്നുള്ളതാവും പതിനാലാം പദ്ധതിയുടെ പൊതു സമീപനം.ആഗോള സുസ്ഥിര വികസന ലക്ഷ്യങ്ങൾ നിശ്ചിത സമയത്തിന് മുന്നേ തന്നെ കൈവരിക്കുന്നതിനും സംരഭകത്വം പരമാവധി പ്രോത്സാഹിപ്പിച്ച് തൊഴിൽ സാധ്യതകളും പൊതു സാമ്പത്തിക നിലയും അഭിവൃത്തിപ്പെടുത്തുന്നതിനും പതിനാലാം പഞ്ചവത്സര പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

ജീവിത ശൈലീ രോഗങ്ങൾ വർദ്ധിച്ച് വരുന്ന പശ്ചാത്തലത്തിൽ യോഗയ്ക്കുള്ള സർവ്വ ദേശീയ സ്വീകാര്യത

പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ആയുഷ് വെൽനെസ് സെന്ററിലൂടെ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് തീരുമാനിച്ചു. ശുചിത്വമേറിയതും മാലിന്യമുക്തവുമായ ഗ്രാമസൃഷ്ടിക്ക് പതിനാലാം പദ്ധതി വിഭാവനം ചെയ്യുന്നു.

ജൽജീവൻ മിഷൻ പദ്ധതി വഴി 2024 വർഷത്തോടെ എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കുന്നതിനും ലൈഫ് ഭവന പദ്ധതി വഴി എല്ലാവർക്കും സുരക്ഷിതമായ ഭവനം എന്ന ലക്ഷ്യസാധ്യത്തിനും 14-ാം പഞ്ചവത്സര പദ്ധതി പ്രത്യേക പരിഗണന നൽകുന്നതാണ്. ഗ്രാമീണ പാതകൾ മെച്ചപ്പെട്ട രീതിയിൽ സഞ്ചാരയോഗ്യമാക്കുന്നതിനും തെരുവുവിളക്കുകളുടെ കാര്യക്ഷമത ഉറപ്പാക്കുന്നതും പദ്ധതിയുടെ ലക്ഷ്യങ്ങളായിരിക്കും. പ്രകൃതി ദുരന്തങ്ങളെയും കാലാവസ്ഥാ വ്യതിയാനത്തെയും അതിജീവിക്കാനുതകുന്ന ദുരന്തനിവാരണ പദ്ധതിയും പദ്ധതിയുടെ ഊന്നലുകളിലുൾപ്പെടുന്നു.

പ്രോജക്ടുകളുടെ ഫലപ്രാപ്തി, പൂർത്തീകരണം, നിർവഹണഘട്ടങ്ങൾ എന്നിവയിലൊന്നും മോണിട്ടറിംഗ് ഉണ്ടായില്ലയെന്നത് വാർഷികപദ്ധതിയുടെ ഏറ്റവും വലിയ കുറവാണ്. നിർവഹണ ഉദ്യോഗസ്ഥനെ പ്രോജക്ട് ഏല്പിച്ചശേഷം മീറ്റിംഗുകളും ചർച്ചകളും നടത്തി നിർദേശങ്ങൾ നല്കുന്നതിനപ്പുറം ഫീൽഡ്തല സന്ദർശനങ്ങൾ, രേഖകൾ പരിശോധിക്കൽ തുടങ്ങിയവയിലൂടെ യഥാർഥ നിർവഹണങ്ങൾ വിലയിരുത്തപ്പെടുന്നില്ല.ഭരണസമിതി,സ്റ്റാന്റിംഗ് കമ്മിറ്റികൾ , വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളൂ.
സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതിനാൽ ഗ്രാമപഞ്ചായത്തിന് സർക്കാർ ഗ്രാന്റിനത്തിൽ താഴെപ്പറയും പ്രകാരം ആകെ 91.18 ലക്ഷം രൂപ ലാപ്സായിട്ടുണ്ട്

| ഗ്രാന്റ്-ഇനം | അലോട്ട്മെന്റ്/ വരവ് | ചെലവ് | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 31060260 | 28181580 | 2878680 |
| വികസന ഫണ്ട്-എസ്.സി.പി. | 4566000 | 4148285 | 417715 |
| വികസന ഫണ്ട്-റ്റി. എസ്.പി. | 277000 | 250817 | 26183 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 7812000 | 4988896 | 2823104 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 6924000 | 3950921 | 2973079 |
| ആകെ | | | 9118761 |

## 1-6 ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2022-23 വർഷം3736 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ20വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. 966 കുടുബങ്ങൾക്ക് ദിവസം തൊഴിൽ ലഭിച്ചു. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 400പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 145 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 118 പ്രവൃത്തികൾ പൂർത്തീകരിച്ചു. 61575 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പഞ്ചായത്തിൽ ആകെയുള്ള 206 അയൽക്കൂട്ടങ്ങളിൽ 186എണ്ണം പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴ ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിരുന്നു. കാഷ് ബുക്ക് പ്രകാരമുള്ള 2022-23 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ് | | 1224 |
| വരവ് | EFMS വരവ് | 24867487 |
| | ക്യാഷ് വരവ് (പലിശ ഉൾപ്പെടെ) | 1111498 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 188661210 |
| | വിദഗ്ധതൊഴിലാളികളുടെ വേതനം | 1116342 |
| | ഉപകരണങ്ങളുടെ വില, വാടക | 3642150 |
| | ഭരണചെലവുകൾ(ബാങ്ക് ചാർജ്ജ് ഉൾപ്പെടെ) | 2353474 |
| | നീക്കിയിരുപ്പ് | 7033 |

31/03/2023 ബാലൻസ് ഷീറ്റ് പ്രകാരം 912164/- ലക്ഷത്തിലധികം രൂപ തൊഴിലുറപ്പിന് മുൻകൂർ നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. തൊഴിലുറപ്പ് ഫണ്ട് ലഭ്യമാക്കി മുൻകൂർ തുക ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 33960 | 21 |
| വാർദ്ധക്യകാലപെൻഷൻ | 33604600 | 2507 |
| കർഷകതൊഴിലാളി പെൻഷൻ | 7204100 | 627 |
| വിധവാപെൻഷൻ | 9870000 | 814 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 521600 | 45 |
| വികലാംഗപെൻഷൻ | 3569300 | 292 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.11.2023 ന് 2.50 പി എം ന് ഹെഡ് ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 6486/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് പരിശോധനകളിൽ നിന്ന് ബോധ്യപ്പെടുന്നു.

ഗ്രാമപഞ്ചായത്തിൽ ഓഫീസ് ഉത്തരവ് പ്രകാരം കൃത്യമായ ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ വിഭജിച്ച് നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് 2022-23 വർഷത്തിൽ തയ്യാറാക്കിയിട്ടില്ല.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മറ്റി മിനുട്സിൽ എല്ലാ പ്രൊക്യൂർമെന്റിലും എടുത്ത തീരുമാനങ്ങൾ രേഖപ്പെടുത്തുന്നില്ല. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നത് തൃപ്തികരമല്ല.പ്രോജക്ടുകൾ മോണിട്ടറിംഗ് ചെയ്യുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10/22 | 07/2021 മുതൽ 03/2022 വരെ | ADPKTM/594 /22/U2 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14/2/20 | 2018-19 | LBA(H3)11/18B 117/19, 20/556 |

## 1-11 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2022-23 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, ഓഫീസ് മേധാവി ഹാജരാക്കിയ അർദ്ധവാർഷികശമ്പള സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1.ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസ്, മാടപ്പള്ളി (2-ാം അർദ്ധവർഷം)

2.കോട്ടയം ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക്, വാകത്താനം (1, 2 അർദ്ധവർഷങ്ങൾ)

3.മണികണ്ഠപുരം ടെമ്പിൾ, (1, 2 അർദ്ധവർഷങ്ങൾ)

4.എം.ഡി.യു.പി.സ്കൂൾ, വാകത്താനം (1, 2 അർദ്ധവർഷങ്ങൾ)

5.എം.ടി.എൽ.പി.സ്കൂൾ, തോട്ടക്കാട് (1, 2 അർദ്ധവർഷങ്ങൾ)

6.സെന്റ് അദയാസ് എൽ.പി.സ്കൂൾ, നാലുകുന്ന് (2-ം അർദ്ധവർഷം)

7.ഗവ.എൽ.പി.എസ്.നാലുന്നാക്കൽ (1, 2 അർദ്ധവർഷങ്ങൾ)

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതും തൊഴിൽ നികുതി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-12 വാടക ഈടാക്കാൻ അവശേഷിക്കുന്നു

2022-23 വർഷം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 33 മുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. ചുവടെ ചേർത്തിരിക്കുന്ന വാടകക്കാർ തൻവർഷം വാടക മുഴുവനായും അടവാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ.നം. | വാടകക്കാരന്റെ പേര് | റൂം നമ്പർ | മാസ വാടക | 22-23 വർഷം അടവാക്കിയ തുക | ഈടാക്കാൻ അവശേഷിക്കുന്ന വാടക |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | |

| | | | | | |
|---|---|---|---|---|---|
| | | | | | 6 |
| 1 | സുബി മോൾ പൌലോസ് | 13/702 | 3900 | 3900x10=39000 | 3900x2=7800 |
| 2 | ഉണ്ണുണ്ണി എബ്രഹാം | 13/703 | 5964 | 5964x6=35784 | 5964x6=35784 |
| 3 | കുഞ്ഞമ്മ അനന്തൻ | 18/73 | 293 | 293x10=2930 | 293x2=586 |
| 4 | മഞ്ജു സിബി | 17/76 | 410 | 410x11=4510 | 410x1=410 |
| 5 | ഡേവിഡ് പോൾ | 18/74 | 353 | 353x3=1059 | 353x9=3177 |
| 6 | ഉഷാകുമാരി | 13/615 ബി | 1390 | 1390x1=1390 (5മാസമെഉപയോഗിച്ചുള്ളൂ.) | 1390x4=5560 |
| 7 | ലിജു പുന്നൂസ് | 13/699 | 4802 | 0 | 4802x12=57624 |
| 8 | ബിനോയ് സി.പീറ്റർ | 13/700 | 964 | 0 | 964x12=11568 |
| | ആകെ | | | | 122509/- |

വാർഷിക ധനകാര്യപത്രിക പ്രകാരം കുടിശ്ശിക 1,11,387/- രൂപയാണ്. ഓഡിറ്റ് എൻക്വയറി നം.1/15.11.2023 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ ചേർക്കും പ്രകാരം 1,22,509/- രൂപ വാടകയിനത്തിൽ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്.

ഉണ്ണുണ്ണി എബ്രഹാം (24.08.2023), ലിജു പുന്നൂസ് (26.08.2023) എന്നിവരിൽ നിന്നും തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

വാടക കുടിശ്ശിക വരുത്തിയ വാടകക്കാരിൽ നിന്നും നിയമാനുസൃത കരാറിൽ ചേർക്കും പ്രകാരം നിയമനടപടി സ്വീകരിച്ച് പിഴപലിശ ഉൾപ്പെടെ തുക ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതും തുടർ നടപടി അറിയിക്കേണ്ടതുമാണ്.

## 1-13 അധികവിഭവ സമാഹരണം

ആറാം സംസ്ഥാന ധനകാര്യക്കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 30(v) ശിപാർശകളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി 8-1-21ലെ ജി.ഓ.പി നം 6/2021 ഫിൻ. നമ്പർ പ്രകാരം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ധനകാര്യവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങളും ആയതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളും നടപ്പാക്കിയ പ്രവർത്തനങ്ങളും ഓഡിറ്റിൽ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. പരിശോധനയുടേയും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലുള്ള നിരീക്ഷണക്കുറിപ്പുകൾ ചുവടെ ചേർക്കുന്നു. കേരളപഞ്ചായത്ത് രാജ് നിയമത്തിലെ 162 വകുപ്പ് പ്രകാരം ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബജറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന വിഷയങ്ങളാണ്. പുതിയ നികുതി വരുമാനം സംബന്ധിച്ച നിർദ്ദേശങ്ങൾ 2022-23 കാലയളവിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 05.04.2023 (അച്ചടി) നമ്പർ-25/2023 വിജ്ഞാപനത്തിലെ നിർദ്ദേശം

അനുസരിച്ച് 31.10.2023 ലെ 3(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം വസ്തുനികുതി പരിഷ്കരിച്ചിട്ടുണ്ട്. നിലവിൽ പുതുക്കിയ നിരക്കിലാണ് വസ്തുനികുതി ഈടാക്കുന്നത്.

പഞ്ചായത്തിന്റെ പ്രധാന തനത് വരുമാന സ്രോതസ്സായ വസ്തുനികുതിയിൽ 2022-23 വാർഷിക ധനകാര്യപത്രിക പ്രകാരം 27 ലക്ഷത്തിലേറെ രൂപ കുടിശ്ശികയുണ്ട്.
പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാൻറ് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നുണ്ട്.

ട്രേഡേഴ്സ് ലിസ്റ്റ് പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല. ലൈസൻസ് രജിസ്റ്റർ പ്രകാരം 412 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 1705 ഓളം വാണിജ്യ/വ്യവസായ സ്ഥാപനങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. കൂടുതൽ സ്ഥാപനങ്ങളെ ലൈസൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിന് പരിശോധന നടത്തേണ്ടതാണ്.

പഞ്ചായത്തിൽ സജ്ജമായിട്ടുള്ള കെട്ടിടങ്ങളുടെ ഡേറ്റാബേസുമായി മറ്റ് വരുമാന സ്രോതസ്സുകളുടെ ഡേറ്റയെ ബന്ധിപ്പിക്കുന്നതിലൂടെയും വിവിധ ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളെ മാപ്പ് ചെയ്ത് എല്ലാവിധ തൊഴിൽ നികുതി/ലൈസൻസ് വിഭവ സ്രോതസ്സുകൾ പരമാവധി ഡിമാന്റിലുൾപ്പെടുത്താനും കഴിയും. പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഡിമാന്റിന് സജ്ജമാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 1.05 കോടി രൂപയുടെ നിക്ഷേപ പ്രവൃത്തികൾ -തുടർനടപടി സ്വീകരിച്ചിട്ടില്ല

പഞ്ചായത്തിന്റെ 2022-23 അഡ്വാൻസ് രജിസ്റ്റർ പ്രകാരം വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരിക്കുന്ന തുകകളുടെ വിശദാംശങ്ങളായ പ്രോജക്ട്, പ്രവൃത്തി ഇനം, നിക്ഷേപിച്ച വർഷം, തുക തുടങ്ങിയ അടിസ്ഥാന വിവരങ്ങളൊന്നും ക്യാരി ഓവർ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. തുകകൾ മാത്രം മുന്നിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശങ്ങൾ ഇല്ലാത്തതിനാൽ മുൻവർഷങ്ങളിലെ നിക്ഷേപ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ നിരീക്ഷിക്കുന്നതായും കാണുന്നില്ല. 2022-23 വാർഷിക കണക്കുകൾ B18 ഷെഡ്യൂൾ പ്രകാരം 01/04/2023 ൽ വിവിധ ഏജൻസികളിൽ നിലനിൽക്കുന്ന നിക്ഷേപങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നം. | ഏജൻസി | തുക |
|---|---|---|
| 1. | കേരള വാട്ടർ അതോറിറ്റി | 8,00,000/- |
| 2. | കെ.എസ്.ഇ.ബി. | 64,80,305/- |
| 3. | ഭൂജല വകുപ്പ് | 33,14,000/- |
| ആകെ നിക്ഷേപം | | 1,05,94,305 |

09/03/2023 ലെ സ.ഉ.(കൈ) നം.38/2023/ധന ഉത്തരവിൽ നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. നിക്ഷേപ പ്രവൃത്തികളുടെ വിശദാംശം ക്യാരി ഓവർ ചെയ്ത് തൻവർഷ കണക്കുകളുടെ വിശദാംശം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാതിരുന്നത് 2011 കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58(3) (എ) യുടെ ലംഘനവുമാണ്. നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ വിവരങ്ങളിലെയും രജിസ്റ്ററിലെയും അപാകതയ്ക്ക് രേഖാമൂലം വിശദീകരണം നൽകേണ്ടതാണെന്ന് അറിയിച്ച കൊണ്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15-21.11.23) വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കി തുക ക്രമീകരിയ്ക്കുന്ന താണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-15 ടാക്സി സ്റ്റാന്റിന് സ്ഥലം ഏറ്റെടുക്കൽ-പഞ്ചായത്തിന് വൻ സാമ്പത്തിക ബാദ്ധ്യതയും അനിശ്ചിതാവസ്ഥയും

2005-ലെ കെ.പി ആർ (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം വാകത്താനം ഗ്രാമ പഞ്ചായത്തിന്റെ സിരാകേന്ദ്രമായ ഞാലിയാക്കുഴി ജംഗ്ഷനോട് ചേർന്നുള്ളതും

കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി താലൂക്കിൽ വാകത്താനം വില്ലേജിൽ സർവ്വേ നം203/1, 203/1-1, 203/1-2-ൽ ഉൾപ്പെട്ടതും ശ്രീ മാത്യു കുര്യൻ വള്ളിക്കാട്ട്, തെക്കേക്കര ശ്രീ. ബാബു വർഗ്ഗീസ് എന്നിവരുടെ ഉടമസ്ഥതയിലുള്ളതും 18.70ആർ സ്ഥലവും അതിലുള്ള ആറ് കടമുറികളും ടാക്സി സ്റ്റാന്റ് നിർമ്മിയ്ക്കുക എന്ന ഉദ്ദേശം മുൻ നിറുത്തി ഗ്രാമപഞ്ചായത്ത് 03-05-2010 ൽ പൊന്നും വിലയ്ക്ക് ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിന് ലാന്റ് അക്വസിഷൻ ഓഫീസർ 31-03-2010 ൽ 2522049/-രൂപ (2013 വരെയുള്ള പലിശ ഉൾപ്പെടെ) പ്രാഥമികമായി വില നിശ്ചയിച്ചിരുന്നു. വില നിശ്ചയിച്ചത് കുറവാണെന്ന കാരണം ചൂണ്ടിക്കാട്ടിസ്ഥലം ഉടമ കോട്ടയം സബ്കോടതി മുൻപാകെLAR 1/2011 നമ്പർ കേസ് ഫയൽ ചെയ്യുകയും ആയത് 16-6-2012 ൽ വിധിയായിട്ടുള്ളതുമാണ്. കോടതി 16-6-2012 -ലെ അവാർഡ് പ്രകാരം നിശ്ചയിച്ച് തുക ചുവടെ ചേർക്കുന്നു.

1. Enhanced Compensation Awarded By Court -53,53,772.60/-

2. 30% Solatium – 16, 06,131.78/-

3. Addl Land Value @ 12% From 22.08.2008 To

31.03 .2010(587 Days) -10,33 ,204.77/-

TOTAL -7993109.15/-

പ്രസ്തുത വിധിക്കെതിരെ 1ാം കക്ഷിയായ ജില്ലാകളക്ടറും 2ാം കക്ഷിയായ വാകത്താനം ഗ്രാമപഞ്ചായത്തും എതിർവാദം ഉന്നയിച്ചിട്ടില്ല എന്ന്ഫയൽ പരിശോധിച്ചതിലും വിധി പ്രസ്താവനയിൽ നിന്നും വ്യക്തമാണ്. തുടർന്ന് കോടതി നിശ്ചയിച്ച തുകയുടെ (79,93,109.15/-)പലിശ (3.05.2010മുതൽ1.07.2013വരെയുള്ളത് )ഉൾപ്പെടെയുടെ തുകയിൽ (11,310,796.93/-ആയതിൽ മുതൽ 79,93,109.15 രൂപ + പലിശ 33,17,687.78രൂപ) 40ലക്ഷം രൂപ, 16.06.2012-ലെ വിധിക്കെതിരെ ജില്ലാകളക്ടർ ബഹു.ഹൈക്കോടതിയിൽ സമർപ്പിച്ച അപ്പീലിന്റെ അടിസ്ഥാനത്തിൽ ജില്ലാകളക്ടറുടെ നിർദ്ദേശാനുസരണം 40 ലക്ഷം (4 തവണയായി) രൂപ ഡെപ്പോസിറ്റായി നല്കുകയും ചെയ്തു. മേൽ സൂചിത 40 ലക്ഷം അടവാക്കിയെങ്കിലും 1.07.2013 മുതൽ 73,10,796.93രൂപ മുതൽ ഇനത്തിൽ ബാധ്യതയായി അവശേഷിച്ചിരുന്നു. ടി തുക അടവാക്കാനുള്ള സമയം കോടതി ദീർഘിപ്പിച്ച് നൽകി. എന്നാൽ പഞ്ചായത്ത് നാളിതുവരെ തുടർനടപടികൾക്കായി സത്യവാങ്ങ് മൂലം നൽകുകയോ , ശേഷിയ്ക്കുന്ന 73.10ലക്ഷം രൂപ അടവാക്കുകയോ ചെയ്യാത്തതിനാൽ 15% പലിശ കൂട്ടി 02.07.2013മുതൽ 30.09.2023 വരെ 1,85, 56,405/- രൂപ ( 73,10,796 രൂപ മുതൽ + 1,12,45,608 രൂപ പലിശ) ബാധ്യതയായി അവശേഷിച്ചിരുന്നു. ടി തുകയിൽ 9278202 രൂപ (50%തുക) തനതു ഫണ്ടിൽ നിന്നും അടവാക്കിയിട്ടുണ്ട്.( 31.03.2023- ലെ ബാലൻസ് ഷീറ്റ് പട്ടിക B18 പ്രകാരം ശേഷിയ്ക്കുന്ന ബാധ്യത തുക 92.78ലക്ഷംരൂപയും താമസം വിനാ അടവാക്കേണ്ടതുണ്ട്.

ആദ്യത്തെ പരാതി പ്രകാരം ഉയർത്തി നൽകിയ നഷ്ടപരിഹാര തുകയായ 5353776.60/-രൂപയിൽ നിന്നും ആദ്യ തവണകളിൽ ഒടുക്കിയ തുക മുതൽഇനത്തിൽ മാത്രം വകകൊള്ളിച്ചതിനാൽ അവാർഡ് തുക അന്തിമമായി സെറ്റിൽ ചെയ്യുന്നതു വരെ 15%എന്ന ഭീമമായ പലിശ നിരക്കിൽ ബാധ്യത അനിശ്ചിതമായി വർദ്ധിയ്ക്കുകയാണ്. 30.09.2023 പ്രകാരം 1,85,56,405/-രൂപയായി കോടതി നിശ്ചയിച്ച അവാർഡ് തുക വർദ്ധിച്ചത്.

ഇത് സംബന്ധമായ മറ്റ് പ്രസക്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ലാന്റ് അക്വിസിഷൻ ഓഫീസർ നിർണ്ണയിച്ച തുക കുറവാണെന്നതിനാൽ സ്ഥല ഉടമകൾ സബ്കോടതിയിൽ ഫയൽ ചെയ്ത കേസിൽ രണ്ടാം കക്ഷിയായിരുന്നിട്ടും എതിർ സത്യവാങ്മൂലം സമർപ്പാക്കാതിരുന്നത് ഗുരുതരമായ വീഴ്ചയാണ്.

2.2012 ലെ കോടതി വിധിക്കെതിരെ ഓഡിറ്റ വർഷം (2022-23) വരെ അപ്പീൽ സമർപ്പിക്കുകയോ,വിധി നടപ്പാക്കുകയോ ചെയ്യാത്തത് മൂലം പലിശ ഇനത്തിൽ വൻ ബാധ്യതയാണ് പഞ്ചായത്തിന് ഉണ്ടായത്. നിലവിൽ പലിശ ഇനത്തിൽ മാത്രമുള്ള ബാധ്യത 1.12 കോടി രൂപയാണ്(ഹൈക്കോടതി വിധിക്ക്

വിധേയം).

3.ഏറ്റെടുത്ത സ്ഥലം ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുള്ളതിനാൽ മറ്റു നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് തടസ്സമില്ലെന്നിരിക്കെ വർഷങ്ങൾ കഴിഞ്ഞിട്ടും പഞ്ചായത്തിന് പ്രസ്തുത സ്ഥലം ജനോപകാരപ്രദമാക്കുന്നതിനോ വരുമാനദായകമാക്കുന്നതിനോ കഴിഞ്ഞിട്ടില്ല.

4.പഞ്ചായത്ത് ഏറ്റെടുത്ത സ്ഥലത്തിനായി നാളിതുവരെ 1,32,78,202രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകിയിട്ടും ബാധ്യത അനിശ്ചിതമായി വർദ്ധിയ്ക്കുകയാണ്. 30.09.2023-ൽ അന്തിമമായി സെറ്റിൽ ചെയ്യണമെങ്കിൽ LAR തഹസിൽദാറുടെ സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സ് പ്രകാരം 9278203/-രൂപ കൂടി ഒടുക്കണമായിരുന്നു. അവാർഡ് തുക അന്തിമമായി സെറ്റിൽ ചെയ്യാത്തതിനാൽ ഇതിന്മേൽ വീണ്ടും ഭീമമായ പലിശ നിരക്കിൽ ബാധ്യത വർദ്ധിയ്ക്കുകയാണ്.
മേൽ വിവരിച്ച പ്രകാരമുള്ള അവസ്ഥ പഞ്ചായത്തിന്റെ പരിമിതമായ വിഭവശേഷികൊണ്ട് മറികടക്കാൻ കഴിയില്ലെന്ന്ഓഡിറ്റ് നടത്തിയ വിലയിരുത്തലിൽ വ്യക്തമായിട്ടുണ്ട്. ഇക്കാര്യത്തിൽ ഫലപ്രദമായ തുടർനടപടികൾ സ്വീകരിച്ച്അനിശ്ചിതമായി തുടരുന്ന ഭീമമായ ബാധ്യത അന്തിമമായി തീർപ്പാക്കുന്നതിന് യാഥാർഥ്യബോധത്തോടെയുള്ള നടപടികൾസ്വീകരിയ്ക്കേണ്ടതും വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്.

## 1-16 കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല സ്യൂട്ട് രജിസ്റ്റർ-കാലികമായും കൃത്യമായും എഴുതി സൂക്ഷിച്ചിട്ടില്ല

സ്യൂട്ട് രജിസ്റ്റർ പ്രകാരം 2013-14 മുതൽ അൻപതോളം കേസുകൾ ഗ്രാമപഞ്ചായത്ത് എതിർകക്ഷിയായി നിലവിലുണ്ട്. ഇവയിൽ ഹൈക്കോടതി, കീഴ്കോടതികൾ, ഓംബുഡ്സ്മാൻ, ട്രൈബ്യൂണൽ എന്നിവയിൽ ഫയൽ ചെയ്തവ വരെ ഉൾപ്പെടുന്നു. കേസിന്റെ തുടർ നടത്തിപ്പ്, തീർപ്പ് തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. തൻമൂലം പഞ്ചായത്തിന്റെ താത്പര്യം സംരക്ഷിക്കാൻ ഉതകുംവിധം സമയബന്ധിതമായി നടപടികൾ തുടരുന്നതിന് പഞ്ചായത്തിനു കഴിയുന്നുണ്ടോ എന്നതും വ്യക്തമല്ല. കൂടാതെ പഞ്ചായത്ത് വാദിയായാണോ പ്രതിയായാണോ കേസുകളിൽ കക്ഷി ചേർന്നിരിക്കുന്നത് എന്ന കാര്യം വ്യക്തമല്ല. പഞ്ചായത്തിനനുകൂലമായി വിധികൾ സമ്പാദിക്കാനും അവ യഥാസമയം നടത്തിയെടുക്കാനും വിധി അനുകൂലമല്ലാത്ത സാഹചര്യങ്ങളിൽ സമയപരിധിക്കുള്ളിൽ അപ്പീൽ സമർപ്പിക്കുവാനും പ്രസ്തുത രജിസ്റ്ററിലെ സമഗ്രമായ രേഖപ്പെടുത്തലുകൾ അനിവാര്യമാണ്. കുറ്റമറ്റ രീതിയിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ രജിസ്റ്ററിൽ എഴുതി സൂക്ഷിയ്ക്കുന്നതിലെ അപാകത നിമിത്തം വക്കീൽ ഫീസ് ഇനത്തിൽ ചെലവഴിയ്ക്കുന്ന (ഓഡിറ്റു വർഷം 20,000) തുകയുടെ കൃത്യതയും വ്യക്തമല്ല. ഓഡിറ്റുവർഷം ചെലവഴിച്ച തുകയുമായി ബന്ധപ്പെട്ട് നടത്തിയ കേസിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതു കൂടാതെ സ്യൂട്ട് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14-21.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല. സ്യൂട്ട് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-17 വിവിധ കമ്മറ്റി തീരുമാനങ്ങൾ -തുടർ നടപടി സ്വീകരിക്കണം

| കമ്മറ്റി തീരുമാനം | തീയതി | ലഭ്യമാക്കിയ മറുപടി |
|---|---|---|
| ചങ്ങനാശേരി മുനസിഫ് കോടതിയുടെ പരിഗണനയിലുള്ള OS No 385/19 ലെ വിധിന്യായ പ്രകാരം തോട്ടയ്ക്കാട് വില്ലേജിൽ ബ്ലോക്ക് നം 14 ൽ റീസർവ്വേ നമ്പർ 421/9 ൽ ഉൾപ്പെട്ട 5.67 | 14.03.23 | ഭൂമി പഞ്ചായത്തിന്റെ പേരിൽ വിട്ട് കിട്ടാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ആർ പുരയിടം വാകത്താനം പഞ്ചായത്തിൻറെ പേരിൽ രജിസ്റ്റർ ചെയ്തു നൽകുന്നതിന് ഉത്തരവായിട്ടുള്ളതാണ്. വിധിന്യായത്തോടൊപ്പം ഹാജരാക്കിയിരിക്കുന്ന സർവ്വേ പ്ലാനിൽ ആയത് EQGFG എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഏലുക -കിഴക്ക് : വെള്ളാപ്പള്ളി മറ്റത്ത് കുര്യാക്കോസ് അന്ത്രയോസ് വക, തെക്ക്: കേസിലെ വിധികടക്കാരൻ വക, പടിഞ്ഞാറ്: ഡാനിയേൽ വകയും വഴിയും, വടക്ക് : വിധികടക്കാർ വക ടി വസ്തു പഞ്ചായത്തിൻറെ പേരിൽ രജിസ്റ്റർ ചെയ്ത് നൽകുന്നതിന് ബഹു. ചങ്ങനാശേരി മുൻസിഫ് കോടതിയിൽ അപേക്ഷ നൽകുന്നതിനും തീരുമാനിച്ചു. | | |
| | ജലജീവൻ മിഷൻ പദ്ധതി നടത്തിപ്പിനായി പേരുക്കുന്നിൽ വാങ്ങിയ സ്ഥലം കേരള വാട്ടർ അതോറിറ്റിക്ക് കൈമാറ്റം തുടർനടപടികൾ സംബന്ധിച്ച്----വാകത്താനം പഞ്ചായത്തിന് വേണ്ടിയുള്ള ശുദ്ധജല വിതരണപദ്ധതി ജലസംഭരണി നിർമ്മിക്കുന്നതിനായി തോട്ടയ്ക്കാട് വില്ലേജിൽ ബ്ലോക്ക് നം 14 റീസർവ്വേ നം 248/19 പേരുകുന്നിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച സ്ഥലം അളന്ന് തിട്ടപ്പെടുത്തി അതിൽ 15 സെൻറ് സ്ഥലത്ത് ടാങ്ക് നിർമ്മാണം നടത്തുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് കൈമാറുന്നതിന് തീരുമാനിച്ചു. | 10.10.22 | വാട്ടർ ടാങ്ക് നിർമ്മിയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. |
| | വാകത്താനം പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നവീകരണം എം പി ഫണ്ട് ലഭ്യമാക്കുന്നതിന് നവീകരണത്തിന് ആവശ്യമായ | 4.08.2022 | ഫണ്ട് ലഭ്യമാക്കാൻ ബഹു എം.പിയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | എസ്റ്റിമേറ്റ് എടുക്കുന്നതിന് എൽ എസ് ജി ഡി യെ ചുമതലപ്പെടുത്തി തീരുമാനിച്ചു . കമ്മ്യൂണിറ്റി ഹാൾ നവീകരണം അടിയന്തിരമായി നടത്തേണ്ടതും ആയതിൻറെ ഫണ്ട് അപര്യാപ്തതയും കാരണം ടി ഹാൾ നിലവിൽ വളരെ ശോചനീയ അവസ്ഥയിലാണ്. ഞാലിയാകുഴി ജംഗ്ഷനിൽ പൊതു പരിപാടികൾക്ക് കുറഞ്ഞനിരക്കിൽ വാടക നൽകി ഉപയോഗിക്കുന്നതിന് മറ്റു ഹാളുകൾ ലഭ്യമല്ലാത്തതിനാൽ ടി ഹാൾ നവീകരണം നടത്തേണ്ടത് അത്യാവശ്യമാണ്. ഹാൾ നവീകരണത്തിന് വാകത്താനം എൽ എസ് ജി ഡി എ ഇ എസ്റ്റിമേറ്റ് തയ്യാക്കിയിട്ടുണ്ട്. എം പി ഫണ്ടിൽ നിന്നും ടി തുക അനുവദിക്കുന്നതിന് ബഹു എം പിയോട് വാകത്താനം ഗ്രാമപഞ്ചായത്ത് കമ്മറ്റി ഐകകണ്ഠേന അഭ്യർത്ഥിച്ചു തീരുമാനിച്ചു. | | |
| | വാകത്താനം ഗ്രാമപഞ്ചായത്ത് വാർഡ് 9 ൽ സ്ഥിതി ചെയ്യുന്ന അംബേദ്കർ സാംസ്കാരിക നിലയം 2021-22 വാർഷിക പദ്ധിയിൽ പുനരുദ്ധാരണം ചെയ്തതിൻറെ ഭാഗമായി അവശേഷിക്കുന്ന വസ്തുക്കൾ ലേലം ചെയ്യുന്നതിന് വാല്യൂവേഷൻ എടുക്കുന്നതിന് അസിസ്റ്റൻറ് എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചു | 7.06.22 | വാല്യൂവേഷൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു |

നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-18 മാലിന്യ സംസ്കരണം തുടർ നടപടികൾ സ്വീകരിയക്കുന്നതിൽ കാലതാമസം**

മാലിന്യ സംസ്കരണവു മായി ബന്ധപ്പെട്ട് ചുവടെ സൂചിപ്പിയ്ക്കുന്ന അപാകതകൾ നിലനിൽക്കുന്നു.

**സ്ഥിരം എം. സി.എഫ്. സംവിധാനം ഇല്ല**

ആകെ 20 വാർഡുകളുള്ള ഗ്രാമ പഞ്ചായത്തിൽ 38 ഹരിത കർമ്മ സേനാംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ വീടുകളിൽ കയറി ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ വേർതിരിക്കുന്നതിന് എം.സി.എഫ്.

സ്ഥിര സംവിധാനമില്ലാത്തതിനാലും സൗകര്യങ്ങൾ കുറവായതിനാലും വേർതിരിക്കലുകൾ കാര്യക്ഷമമായി നടക്കുന്നില്ല 25.48 ച. കി. മീറ്റർ വിസ്തൃതിയും 8771 വീടുകളും (ഹരിത കർമ്മസേന പ്രതിമാസ റിപ്പോർട്ട് പ്രകാരം) 620 (ഹരിത കർമ്മസേന പ്രതിമാസ റിപ്പോർട്ട് പ്രകാരം) ഓളം വാണിജ്യ -വ്യവസായ സ്ഥാപനങ്ങളും ഉള്ള ഗ്രാമപഞ്ചായത്തിൽ സ്ഥിരമായ എം.സി.എഫ് യൂണിറ്റ് നിർമ്മാണത്തിന് ഭൂമി കണ്ടെത്തിയിട്ടേയുള്ളൂ. നിലവിൽ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിനടുത്തുള്ള കെട്ടിടത്തിലും, സോഷ്യോ എക്കണോമിക് യൂണിറ്റ് 2020-21ൽ സ്ഥാപിച്ച കെട്ടിടത്തിലുമാണ് അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നത്. പ്രസ്തുത കെട്ടിടങ്ങളിൽ ബെയിലിംഗ് മെഷീനും, ഷ്റെഡിംഗ് മെഷീനുമൊന്നും സ്ഥാപിച്ചിട്ടുമില്ല.

**താത്കാലിക MCF**




**തിരസ്കൃതമാലിന്യങ്ങൾ (Legasy Waste)**

അവനവന്റെ മാലിന്യം അവനവന്റെ തന്നെ ഉത്തരവാദിത്തമാണെന്നിരിക്കെ മാലിന്യം കയ്യൊഴിയുന്നതിനുള്ള ചെലവ് ഗണ്യമായി കുറച്ച് കൊണ്ടുവരുന്നതിനും, ക്രമേണ പൂർണ്ണമായി ഒഴിവായി കിട്ടുന്നതിനുമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. അജൈവ മാലിന്യങ്ങൾ എം.സി.എഫിൽ എത്തിച്ചതിന് ശേഷം വേർതിരിക്കുന്നതിന് പകരം സ്രോതസ്സുകളിൽ വച്ച് തന്നെ വേർതിരിച്ച് പുനരുപയോഗയോഗ്യമല്ലാത്ത മാലിന്യത്തിന് പ്രത്യേകം തുക ഈടാക്കുന്നത് പരിഗണിക്കാവുന്നതാണ്. കൂടാതെ മാലിന്യം നീക്കം ചെയ്യുന്ന ഏജൻസിയുമായി ചർച്ച ചെയ്ത് നിരക്ക് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, തിരസ്കൃതമാലിന്യങ്ങൾ സൗജന്യമായി നീക്കം ചെയ്യപ്പെടുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുക, ബെയിൽ ചെയ്ത് നൽകുക വഴി ഇവ കയ്യൊഴിയുന്നതിലൂടെ വരുമാനം ആർജ്ജിക്കുക എന്നീ മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്.

**താത്കാലിക MCF**




പുനരുപയോഗയോഗ്യമല്ലാത്ത തിരസ്കൃതമാലിന്യങ്ങൾ കയ്യൊഴിയുന്നതിനുള്ള ചെലവ് കുറച്ചു കൊണ്ടുവരുന്നതിനും(ക്ലീൻ കേരളയ്ക്കു നൽകുന്ന തുക), ക്രമേണ ആയതിനുള്ള ബാധ്യത ഗ്രാമപഞ്ചായത്തിന് പൂർണ്ണമായി ഒഴിവായി കിട്ടുന്നതിനുമുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**ഹരിത മിത്രം സമാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം -തുടർപ്രവർത്തനങ്ങൾ -സംബന്ധിച്ച്**

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സുതാര്യവും, ലളിതവുമാക്കുന്നതിന് നൂതന സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് ഹരിത മിത്രം സമാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ക്യൂ.ആർ കോഡ് അധിഷ്ഠിതപ്പെടുത്തിയുള്ള പ്രവർത്തനത്തിൽ എത്ര വാസഗൃഹങ്ങൾ, എത്ര വാണിജ്യ - വ്യവസായ സ്ഥാപനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കേണ്ടതാണ്. പ്രസ്തുത പ്രവർത്തനം പൂർണ്ണമാക്കുകയാണെങ്കിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനം, കൃത്യമായ ഇടവേളകളിൽ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും, മാലിന്യം കത്തിക്കൽ, വലിച്ചെറിയൽ തുടങ്ങിയ പരാതികൾ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും, തുടർ നടപടികൾ സ്വീകരിക്കുന്നതിന് സാധിക്കുന്നു. കൂടാതെ വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് തുടങ്ങിയ തനത് വരുമാനം സ്രോതസിന്റെ കൃത്യത ഉറപ്പ് വരുത്തുന്നതിനും നികുതി പിരിവ് മോണിട്ടർ ചെയ്യുന്നതിനും സഹായകമാണ്. ഹരിത മിത്രം സമാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം ഇരുപത് വാർഡുകളിലും പ്രവർത്തന സജ്ജമാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (17-21.11.23) തുടർനടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മാലിന്യം,അവ സൃഷ്ടിക്കുന്നവരുടെ ഉത്തരവാദിത്വമാണെന്ന മുദ്രാവാക്യവുമായി സൃഷ്ടിക്കപ്പെട്ട മിഷന്റെ ഭാഗമാണ് സേനയെന്നിരിക്കെ സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ ആറാം ഇനമായ ശുദ്ധമായ വെള്ളവും ശുചിത്വവും എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ വാകത്താനം ഗ്രാമ പഞ്ചായത്ത് ഗണ്യമായ പുരോഗതി കൈവരിക്കേണ്ടതുണ്ട്. നിലവിലുള്ള പ്രതിസന്ധികൾ മറി കടക്കുന്നതിനുള്ള അവബോധവും പരിശീലനവും ജനങ്ങൾ ക്ക് നൽകുന്നതിന് കൃത്യമായ പ്രവർത്തനങ്ങൾ ആവശ്യമാണ്. കമ്മറ്റിയുടെയും ജീവനക്കാരുടെയും അടിയന്തിരശ്രദ്ധ ക്ഷണിയ്ക്കുന്നു.

**1-19 ടേക്ക് എ ബ്രേക്ക് - വഴിയോരവിശ്രമകേന്ദ്രം - പണി പൂർത്തീകരിച്ച് ഉപയോഗപ്രദമാക്കിയിട്ടില്ല.**

| പ്രോജക്ട് നം. | അടങ്കൽ ഫണ്ട് | ചെലവ് |
|---|---|---|

| | | |
|---|---|---|
| 78/23 ടേക്ക് എ ബ്രേക്ക് നിർമ്മാണം | 1063396 ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) 420000 (പി.ബി ഐ.ജി) 500000 (ബ്ളോക്ക് വിഹിതം) | 306835/; 42000/- 0 |
| 174/23 ടേക്ക് എ ബ്രേക്ക് നിർമ്മാണം- പൂർത്തീകരണം, | 10000(തനതു ഫണ്ട്) 239418 (ബ്ളോക്ക് വിഹിതം) | 0 124618/- |

സ.ഉ.(കൈ) നം. 39/20/തസ്വഭവ തീയതി 20.2.2020, സ.ഉ.(കൈ) നം. 45/20/തസ്വഭവ തീയതി 6.3.2020 എന്നീ ഉത്തരവുകൾ പ്രകാരം വൃത്തിയും ശുചിത്വവും സുരക്ഷിതത്വവുമുള്ള പൊതുശുചിമുറികളും 'ടേക്ക് എ ബ്രേക്ക് ' വിശ്രമകേന്ദ്രങ്ങളും പ്രത്യേകിച്ച് സ്ത്രീകൾക്കും യാത്രക്കാർക്കും ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ ദേശീയ-സംസ്ഥാന പാതയോരങ്ങളിലും, പാതയോരങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിസരങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസ് പരിസരം, വാണിജ്യകേന്ദ്രങ്ങൾ, ബസ് സ്റ്റാന്റ്/ബസ് സ്റ്റോപ്പ് പരിസരങ്ങൾ എന്നിവിടങ്ങളിലായി നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ 2020-21 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിരുന്നു. സ.ഉ.(സാധാ) നം. 1401/20/തസ്വഭവ തീയതി 27.7.2020 പ്രകാരം ടേക്ക് എ ബ്രേക്ക് നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വാകത്താനംഗ്രാമപഞ്ചായത്തിൽ 2021-22 വർഷം പദ്ധതി വിഭാവനം ചെയ്തിരുന്നു.




2021-22 -ൽ എട്ടുലക്ഷത്തോളം (പ്രോജക്റ്റ് നമ്പർ 232/22-816604 രൂപ) ചെലവഴിച്ച് കെട്ടിടത്തിന്റെ സ്ട്രക്ച്ചർ മാത്രം നിർമ്മിച്ചിരുന്നു. ഓഡിറ്റ് വർഷം78/23 നമ്പർ പ്രോജക്റ്റ് പ്രകാരം മറ്റ് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിരുന്നു. 174/23 പ്രോജക്റ്റ് പ്രകാരം കിണർ നിർമ്മാണം, ചുറ്റു മതിൽ എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. വയറിംഗ്, പ്ലംബിംഗ് എന്നിവ പൂർത്തീകരിച്ചതായി കാണുന്നു. എന്നാൽ വൈദ്യുതി കണക്ഷൻ, കുടിവെള്ള സൗകര്യം എന്നിവ ഏർപ്പെടുത്തിയതായി കാണുന്നില്ല.- 20.11.2023-ൽ നടത്തിയ സ്ഥല പരിശോധനയിൽ ടേക്ക് എ ബ്രേക്ക് കെട്ടിടത്തിന്റെ പെയിന്റിംഗ് ഉൾപ്പടെയുള്ള നിർമ്മാണം പൂർത്തിയായതായി കാണുന്നു. ഇതിനാൽ അടിയന്തിരമായി വാട്ടർ കണക്ഷനും ഇലക്ട്രിസിറ്റി കണക്ഷനും ലഭ്യമാക്കി പദ്ധതി പൂർത്തീകരിച്ച് ഉപയോഗപ്രദമാക്കേണ്ടതാണ്.

റ്റേക്ക് എ ബ്രേക്ക് പൂർത്തീകരിച്ച് പ്രയോജന പ്രദമാക്കാത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19-21.11.2023) മറുപടിയായി, അടിയന്തിരമായി പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതാണെന്ന് അറിയിച്ചു.

**1-20 കോക്ലിയാർ ഇംപ്ളാന്റേഷൻ - വിനിയോഗവിവരം ലഭ്യമായില്ല.**

| | |
|---|---|
| പ്രോജക്ട് നമ്പർ | 256/23 |
| ചെലവ് , ഫണ്ടിനം | 50000/-<br>വികസനഫണ്ട് (ജനറൽ) |
| ബിൽ നമ്പർ, തീയതി | 17/31.1.23 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ഓഡിയോളജിസ്റ്റിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഹരികൃഷ്ണൻ മാരാംകുന്നേൽ എന്ന ഗുണഭോക്താവിന് കോക്ളിയാർ ഇംപ്ളാന്റേഷന് ധനസഹായമായി 50000/- രൂപ സാമൂഹ്യസുരക്ഷാമിഷന് കൈമാറിയിട്ടുണ്ട്. ഗുണഭോക്താവിന് ആനുകൂല്യം ലഭ്യമായതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. തുകയുടെ വിനിയോഗവിവരമുൾപ്പെടെ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/17.11.23) സാമൂഹ്യസരക്ഷാമിഷനിൽ നിന്നും തുക ഹെൽത്ത് വിഭാഗത്തിലേക്ക് കൈമാറിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. തുകയുടെ വിനിയോഗവിവരം ലഭ്യമാക്കുന്നതിലേക്കായി 50000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-21 കാർഷികവിപണി ശക്തിപെടുത്തൽ - രേഖകൾ ലഭ്യമായില്ല.**

| | |
|---|---|
| പ്രോജക്ട് നമ്പർ | 156/23, കാർഷികവിപണി ശക്തിപ്പെടുത്തൽ |
| ചെലവ് | 50000/-<br>വികസനഫണ്ട് (ജനറൽ) |
| ബിൽ നമ്പർ, തീയതി | 22/16.3.23 |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

തോട്ടക്കാട് ഇക്കോഷോപ്പ് പ്രവർത്തിക്കുന്ന 8/169 നമ്പർ കെട്ടിടത്തിന്റെ 4/22 മുതൽ 3/23 വരെയുള്ള വാടകയിനത്തിൽ 50000/- രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഉടമസ്ഥനുമായി കരാറിലേർപ്പെട്ടതിന്റെയോ വാടക നിർണ്ണയിച്ചതിന്റെയോ രേഖകൾ ഓഡിറ്റിന് ലഭ്യമായില്ല. 4/22 മുതൽ 8/22 വരെ 4400/- രൂപ നിരക്കിലും 9/22 മുതൽ 3/23 വരെ 4000/- രൂപ നിരക്കിലുമാണ് വാടക നൽകിയിരിക്കുന്നത്. വാടകനിരക്കിലെ വ്യത്യാസത്തിന് കാരണം വ്യക്തമല്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 12/20.11.2023) അപാകത ആവർത്തിക്കില്ല എന്ന് മറുപടി ലഭ്യമായി. വാടകനിരക്കിലെ വ്യത്യാസത്തിന് കാരണം മറുപടിയിൽ വിശദീകരിക്കപ്പെട്ടില്ല. അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കുന്നതിലേക്കായി 50000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-22 ചെലവ് രേഖകൾ പൂർണമല്ല-തുക തടസ്സപെടുത്തുന്നു**

| അടങ്കൽ | ചെലവ് |
|---|---|
| വികസനഫണ്ട് (ജനറൽ)- 200000- | 138299- ബിൽ നം.16/13-05-22 |
| | 36870- ബിൽ നം,60/22-06-22 |

| | |
|---|---|
| | 19000- ബിൽ നം. 148/24-11-22 |
| ആകെ - 200000- | 194169- |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതി രൂപീകരണം, മോണിറ്ററിംഗ് ചെലവുകൾ എന്ന സ്പിൽ ഓവർ പ്രോജക്ട് (പ്രോ നം.46/23) പ്രകാരം വികസനഫണ്ടിൽ നിന്നും 194169- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് ഫയലിൽ 19000- രൂപയുടെ ചെലവ് രേഖകൾ മാത്രമേ സൂക്ഷിച്ചിട്ടുള്ളു. ബാക്കി ചെലവ് രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് അന്വേഷണകുറിപ്പ് (നം. 24/22.11.2023 ) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ആകെ ചെലവിൽ രേഖകൾ ലഭ്യമാക്കാൻ ശേഷിയ്ക്കുന്ന 175169/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-23 ലൈഫ് ഭവനപദ്ധതി -ഭവനനിർമ്മാണം പൂർത്തീകരിയ്ക്കാത്തത് സംബന്ധിച്ച്**

ഓഡിറ്റ് വർഷം അവസാനം വരെ ഭവനനിർമ്മാണം പൂർത്തീകരിയ്ക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് , മേൽവിലാസം | നാളിതുവരെ നൽകിയ തുക | അവസാന ഗഡു നൽകിയ തീയതി | നിർമ്മാണ ഘട്ടം |
|---|---|---|---|
| ചന്ദ്രിക ഗോപി , വടക്കേക്കര | 300000/- | 27.02.2022 | ലിന്റൽ പൂർത്തിയാക്കി |
| സന്തോഷ്, പി.സി പുതുപ്പറമ്പിൽ | 200000/- | 07.11.2022 | ബേസ് മെന്റ് പൂർത്തിയാക്കി |
| മഹേഷ് എ കെ ആവണിപ്പറമ്പ് | 300000/- | 16.03.2023 | ലിന്റൽ പൂർത്തിയാക്കി |
| ബാബു കെ., താനാങ്കൽ | 200000/- | 11.01.2023 | ലിന്റൽ പൂർത്തിയാക്കി |

മേൽ സൂചിപ്പിച്ചവ കൂടാതെ 6/2023 നകം അവസാന ഗഡു നൽകിയവരിൽ നാലു ഗുണഭോക്താക്കൾ വീടു നിർമ്മാണം പൂർത്തീകരിയ്ക്കാനുണ്ട്. വീടുനിർമ്മാണം പൂർത്തീകരിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

**1-24 റോഡ് കണക്ടിവിറ്റി മാപ് തയ്യാറാക്കൽ-നാളിതുവരെ പദ്ധതി നിർവ്വഹിച്ചിട്ടില്ല**

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ

| | |
|---|---|
| പ്രോജക്ട് | 100/23 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| അടങ്കൽ | 60000 |
| ചെലവ് | 0 |

സർക്കാർ ഉത്തരവ് (കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി: 29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 7/13 (1) നിർദ്ദേശിക്കും പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ

നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ പഞ്ചായത്ത് നടപ്പാക്കിയ ഒരു പ്രോജക്ട് ഫയലിലും റോഡ് കണക്ടിവിറ്റി മാപ്പ് ഉൾപ്പെടുത്തിയിട്ടില്ല. സർക്കാർ നിർദ്ദേശ പ്രകാരം റോഡ് കണക്ടിവിറ്റി മാപ്പിംഗ് നടത്തുന്നതിന് Kerala State Remote Sensing And Environment Centre (KSREC) തയ്യാറാക്കിയിട്ടുള്ള R-Track മൊബൈൽ ആപ്ലിക്കേഷൻ മുഖേന ഫീൽഡ് വർക്ക് ചെയ്ത് ഡാറ്റാ എൻട്രി പൂർത്തിയാക്കി ആസ്തി രജിസ്റ്റർ പുതുക്കുന്നതിനായി വാകത്താനം ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതി 2022-23 ൽ ഉൾപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി പദ്ധതി ഏറ്റെടുത്തിട്ടുള്ളതാണ് (റോഡ് കണക്ടിവിറ്റി മാപ്പിംഗ് 100/2022-23). ടി പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് 31/10/2022 തീയതിയിലെ PAN/3173/2021-J1(DP) നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് 60000/- രൂപ മേൽ പ്രോജക്ട് പ്രകാരം വകയിരുത്തിയിട്ടുണ്ട്. നിലവിൽ (2023-24) സാമ്പത്തിക വർഷം മാപ്പ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13-21.11.23) മറുപടിയായി സെർവർ അപ്ഡേഷൻ പൂർത്തിയാക്കുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിച്ച് റിപ്പോർട്ട് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

**1-25 പ്രോജക്ട് പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടത്-**

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ കന്നുകുട്ടിപരിപാലനം പദ്ധതിയിൽ (പ്രോ.നം.134/23) 32 ഗുണഭോക്താക്കൾക്കായി 12500/- നിരക്കിൽ പ്ലാൻഫണ്ടിൽ നിന്നും 400000- (Bill No. 13/17-03-23) അസി.ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയം പേർക്ക് അടച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ 400000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-26 വിനിയോഗവിവരം ലഭ്യമാക്കാത്തത്-**

ഓഡിറ്റ് വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു. നിർവ്വഹണ ഏജൻസികളുമായി കരാറിലേർപ്പെട്ടതിന്റെ വിശദാംശങ്ങളോ പദ്ധതികൾ പൂർത്തിയാക്കിയതിന്റെ വിശദാംശങ്ങളോ അന്വേഷണകുറിപ്പ് (നം.22/22.11.2023) നൽകിയിട്ടും ലഭ്യമാക്കിയില്ല. പദ്ധതികൾ പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ആകെ ചെലവ് തുക 2242288/-രൂപ തടസ്സപ്പെടുത്തുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂഗർഭജല വകുപ്പ്, കോട്ടയം | 272/23വിവിധ വാർഡുകളിലെ പൊതു സ്ഥലങ്ങളിലെയും അംഗൻവാടി കളിലെയും കുഴൽക്കിണർ നിർമ്മാണവും മോട്ടോർ സ്ഥാപിക്കലും | 367/17-03-23 | 2010000 | 0 | 2010000 |
| കെഎസ് | 125/23സ്ട്രീറ്റ് | 157/29-11-22 | 178488 | 0 | 178488 |

| | | | | | |
|---|---|---|---|---|---|
| ഇബി ഇലക്ട്രിക്കൽ സെക്ഷൻ, വാകത്താനം | പോസ്റ്റ് ഷിഫ്റ്റിംഗ് | 194/28-12-22 | 21512 | 0 | 21512 |
| | | Ch.no.92317/ 03-12-22 | 26665 | 0 | 26665 |
| | | Ch.no.92342/ 04-02-23 | 5623 | 0 | 5623 |
| ആകെ | | | 2242288 | 0 | 2242288 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക ധനകാര്യപത്രിക എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി നിയമപരമായ സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 17.11.23 ൽ പരിശോധിച്ച് ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2023-ലെ ബാലൻസ് ഷീറ്റ് എന്നിവ യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രോജക്ടിനായി ലഭിച്ച തുകകളുടെ വിവരം

2022-23 ൽ സംയുക്ത പ്രോജക്ടിനായി ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചതിന്റെയും ചെലവഴിച്ചതുമായ ഫണ്ടിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 160000 | ലൈഫ് ഭവനപദ്ധതി (ജനറൽ) 56/23 | 160000 | 0 |
| | 2022-23 | 500000 | ലൈഫ് ഭവനപദ്ധതി, വസ്തു വാങ്ങൽ-120/23 | 500000 | 0 |
| | 2022-23 | 290000 | ലൈഫ് ഭവനപദ്ധതി (ജനറൽ)119/23 | 290000 | 0 |
| | 2022-23 | 80000 | ലൈഫ് ഭവനപദ്ധതി, വസ്തു വാങ്ങൽ 121/23 | 80000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2022-23 | 1000000 | ലൈഫ് ഭവനപദ്ധതി (എസ്.സി.പി)-60/23 | 1000000 | 0 |
| | 2022-23 | 575000 | ശാരീരികമാനസിക വെല്ലുവിളിനേരിടുന്നവർക്ക് സ്കോളർഷിപ്പ്-122/23 | 575000 | 0 |
| | 2022-23 | 124638 | ടേക്ക് എ ബ്രേക്ക് പൂർത്തീകരണം-174/23 | 124638 | 0 |
| | 2022-23 | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-132/23 | 200000 | 0 |
| | ആകെ | **2929638** | | **2929638** | |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2022-23 | 398600 | ലൈഫ് ഭവനപദ്ധതി (ജനറൽ)-56/23 | 398600 | 0 |
| | 2022-23 | 940000 | ലൈഫ് ഭവനപദ്ധതി (എസ്.സി.പി)-60/23 | 940000 | 0 |
| | 2022-23 | 200000 | ശാരീരികമാനസിക വെല്ലുവിളിനേരിടുന്നവർക്ക് സ്കോളർഷിപ്പ്-122/23 | 200000 | 0 |
| | 2022-23 | 100000 | അങ്കണവാടി അനുപൂരക പോഷകാഹാരം-28/23 | 100000 | 0 |
| | ആകെ | 1638600 | | 1638600 | 0 |

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം

2022-23 വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തി നടത്തുന്നതിന് കെഎസ്ഇബി തുടങ്ങിയ സ്ഥാപനങ്ങൾക്ക് 2242288/-രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 272/23 പൊതുസ്ഥലങ്ങളിലും അങ്കണവാടികളിലും കുഴൽക്കിണർസ്ഥാപിക്കൽ | 2010000/- | 0 | 2010000/- |
| കെ.എസ്.ഇ.ബി വാകത്താനം | 125/23 വൈദ്യുതിപോസ്റ്റ് മാറ്റിസ്ഥാപിക്കൽ | 232288/- | 0 | 232288/- |
| ആകെ | | 2242288/- | | 2242288/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

2022-23 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

## 4-5 വായ്പാ വായ്പാ തിരിച്ചടവ്

2022-23 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ(KURDFC) | ജിഒ (എം.എസ്) 68/2018/ തസ്വഭവ/18.5.2018 | 13,651,599/- | ഇല്ല | 3310571/- | - | 1,03,41,028 |

വികസന ഫണ്ട് (General), വികസന ഫണ്ട് (SCSP), വികസന ഫണ്ട് (റ്റി എസ് പി) എന്നീ ഫണ്ടുകളുടെ 2022-23 വർഷത്തെ അലോട്ട്മെന്റിൽ യഥാക്രമം 2544381/- രൂപ, 738291/- രൂപ 27899/- രൂപഎന്നിങ്ങനെ ആകെ 3310571/- രൂപ സ്രോതസ്സിൽ ക്രമീകരിച്ചാണ് വായ്പ തിരിച്ചടവ് നടത്തിയത്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

വാർഷികധനകാര്യപത്രിക പ്രകാരം സ്ഥിരനിക്ഷേപങ്ങളില്ല.

## 4-7 ഓഡിറ്റ് റിക്കവറി

2022-23 വർഷം 180400301-Recovery From Others-Audit Recovery ശീർഷകത്തിൽ 4668/- രൂപ ഓഡിറ്റ് റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങൾ പ്രകാരം വരവായി ലഭിച്ചിട്ടുണ്ട്. എന്നാൽ ഓരോ സാമ്പത്തിക വർഷവും ഓഡിറ്റ് റിക്കവറിയായി ലഭിക്കുന്ന തുകകളുടെ വിവരങ്ങൾ ക്രോഡീകരിച്ച് ഓഡിറ്റ് റിക്കവറി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം., തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിക്കവറി കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് വർഷം 47580/- രൂപ വരവുള്ളതായി സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. ആയത് വാർഷികകണക്കിൽ പ്രതിഫലിച്ചിട്ടില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

വാകത്താനം പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-3-1 | 2016-17 | അനുബന്ധം-3 | വസ്തു നികുതി അപാകതകൾ | |
| 2014-15 | 2-4-1 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി | |

| | | | | | |
|---|---|---|---|---|---|
| | | | | അപാകതകൾ | |
| 2015-16 | 2-8 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | |

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

വാകത്താനം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ പ്രകാരം തുകയൊന്നും ഈടാക്കിയിട്ടില്ല. നിലവിൽ സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരം) | : | 75628932 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരം) | : | 48592011 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2917457 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വരവ്/ചെലവ് നഷ്ടം പ്രതിപാദിച്ചിട്ടില്ല.

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 50000 | ശ്രീമതി ദിവ്യ ആൻഡ്രൂസ്, ഐസിഡിഎസ്, സൂപ്പർവൈസർ |
| 1-21 | 50000 | ശ്രീ.മുഹമ്മദ് അൻസിം, കൃഷി ഓഫീസർ |
| 1-22 | 175169 | ശ്രീ.അനിൽകുമാർ ഡി, സെക്രട്ടറി |
| 1-25 | 400000 | ഡോ.മായ ജെയിംസ്, വെറ്ററിനറി സർജൻ |

| | | |
|---|---|---|
| 1-26 | 2242288 | ശ്രീ.അനിൽകുമാർ ഡി, സെക്രട്ടറി |
| ആകെ | 2917457 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ബാധകമല്ല

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 & 2001-02 | കെ.എസ്.എ-കെ.ടി.എം.പി10/അദാ-2022/399/2022 /25.08.2022 | 2 |
| 1998-99 | എൽ.എഫ്.കെ.പി1/190 /അദാ/22.02.2011 | 1 |
| 2003-04(വരവ്) | എൽ.എഫ്.കെ.പി8/124 /2008/ 29.12.2009/08.03.2010 | 5 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി10/അദാ-2022/1084(5)/2022 /25.08.2022 | 5 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി10/അദാ-2022/1084(6)/2022 /25.08.2022 | 2 |
| 2009-10 | കെ.എസ്.എ.-കെ.ടി.എം.പി3/1491/2016/ 04.12.2017/ 19.12.2017 | 3 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി10/അദാ- | 5 |

| | | |
|---|---|---|
| | 2022/1106(3)/2022 /25.08.2022 | |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി10/അദാ-2022/1084(7)/2022 /25.08.2022 | 2 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി10/അദാ-2022/1106(4)/2022 /25.08.2022 | 8 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി10/അദാ-2022/1084(8)/2022 /25.08.2022 | 3 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി10/അദാ-2022/1106(5)/2022 /25.08.2022 | 7 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി10/അദാ-2022/1106(6)/2022 /25.08.2022 | 9 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി10-1396/2019 /20.05.2020/ 12.06.2020 | 33 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി10/326/2022/ 27.07.2022 | 15 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി10/1441 /2022/ 23.07.2022 | - |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി10- 158/23 /27.2.23 | . |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 07-07-2023 and submitted on 11-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Vakathanam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vakathanam Grama Panchayat for the year 2022-2023

**Date: 23/12/2023**

**Deputy Director**
**District Office Kottayam**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Vakathanam Grama Panchayat for the Year 2022-2023 .

**1.Major Observations**

1.Non Disclosure of Assets-Assets not classified and evaluated and accounted-Asset Register has not updated.

2.Non Disclosure of Capital Contribution-Captal contribution opening balance details, fundwise capital contribution of curent year are not available.

3.General Fund Details not maintained. Opening Balance Receipt Payment (OBRP) data of asset and liability as on 01/04/2011 not available. Source Data not available for the value of total general fund as on 31/03/2023.

**2.Other Observations**

1.Assets Generated during current year-detailed project wise and fundwise data not provided.

2.Capital Work in Progress accounting and adjustment details and data not provided.

3.Prior Period expenditure details are not provided as notes on account by the Secretary.

4.Government and other dues register not maintained.

5.MGNREGA reciept and payment figures do not match with annual financial statement.

**Deputy Director**
**District Audit Office, Kottayam**
**Kerala State Audit Department**

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്